**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5434** **03-11-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീധന പീഡനങ്ങൾ തടയുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്ത്രീധന പീഡനങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | വർദ്ധിച്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട്, പന്തലിങ്ങലിൽ മകൾക്കെതിരെയുണ്ടായ സ്ത്രീധന പീഡനത്തിൽ മനംനൊന്ത് മൂസ്സക്കുട്ടി എന്നയാൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ 23.09.2021 തീയതി വണ്ടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.339/21 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയുകയും തുടർന്ന് Section alter ചെയ്ത് 306 IPC ആയി അന്വേഷണം തുടർന്ന് വരികയാണ്. കൂടാതെ ടിയാളുടെ മകളുടെ പരാതി പ്രകാരം നിലമ്പൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.522/21 u/s 498(A), 406 r/w 34 IPC പ്രകാരം 03.10.2021 തീയതി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിയതിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 07.10.2021 തീയതി Sec. 4 of Dowry Prohibition Act 1961 ഉം 08.10.2021 തീയതി Sec. 323, 324 IPC യും കൂടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ യുവതിയുടെ ഭർത്താവായ അബ്ദുൾ ഹമീദ്, മാതാവ് ഫാത്തിമ, പിതാവ് ഇസ്മായിൽ തുടങ്ങിയവരെ പ്രതി ചേർത്തിട്ടുള്ളതും യുവതിയുടെ ഭർത്താവും ഒന്നാം പ്രതിയുമായ അബ്ദുൾ ഹമീദിനെ 06.10.2021 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ രണ്ട് കേസുകളിലേയും കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് ആവശ്യമായ എല്ലാ തെളിവുകളും ശേഖരിച്ച് നിലമ്പൂർ ഡി.വൈ.എസ്.പി.യുടെ മേൽ നോട്ടത്തിൽ കേസുകൾ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. |
| (സി) | ഈ സംഭവത്തിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഭവത്തിൽ 23.09.2021 തീയതി വണ്ടൂർ പോലീസ് സ്റ്റേഷൻ ക്രൈം നം.339/21 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയുകയും തുടർന്ന് Section alter ചെയ്ത് 306 IPC ആയി അന്വേഷണം തുടർന്ന് വരികയാണ്. |

| | | | |
|---|---|---|---|
| | | | കൂടാതെ ടിയാളുടെ മകളുടെ പരാതി പ്രകാരം നിലമ്പൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.522/21 u/s 498(A), 406 r/w 34 IPC പ്രകാരം 03.10.2021 തീയതി മറ്റൊരു കേസ്സും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ കൂടുതൽ അന്വേഷണം നടത്തിയതിൽ വെളിവായ വസ്തുതകളുടെ അടിസ്ഥാനത്തിൽ 07.10.2021 തീയതി Sec. 4 of Dowry Prohibition Act 1961 ഉം 08.10.2021 തീയതി Sec. 323, 324 IPC യും കൂടിച്ചേർത്ത് അന്വേഷണം നടത്തിവരുന്നു. കേസിൽ യുവതിയുടെ ഭർത്താവായ അബ്ദുൾ ഹമീദ്, മാതാവ് ഫാത്തിമ, പിതാവ് ഇസ്മായിൽ തുടങ്ങിയവരെ പ്രതി ചേർത്തിട്ടുള്ളതും യുവതിയുടെ ഭർത്താവും ഒന്നാം പ്രതിയുമായ അബ്ദുൾ ഹമീദിനെ 06.10.2021 തീയതി അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. ഈ രണ്ട് കേസുകളിലേയും കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിന് ആവശ്യമായ എല്ലാ തെളിവുകളും ശേഖരിച്ച് നിലമ്പൂർ ഡി.വൈ.എസ്.പി.യുടെ മേൽ നോട്ടത്തിൽ കേസുകൾ ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ